No.CEE/1888/B.Pharm-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനം–2020
## രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് –ഓപ്ഷൻ കൺഫർമേഷനുള്ള അവസരം

2020–ലെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിലേക്കുള്ള നടപടിക്രമങ്ങൾ **29.06.2021** –ന് ആരംഭിച്ചു. രണ്ടാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾ നിർബന്ധമായും ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്.

**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്:**

ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം **29.06.2021 മുതൽ 05.07.2021, രാവിലെ 11.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിൽ മുൻ അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ചവരും, അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും ഈ ഘട്ടത്തിൽ അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായി നടത്തേണ്ടതാണ്. ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുമെന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല.

**29.06.2021 മുതൽ 05.07.2021, രാവിലെ 11.00 മണി** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് **06.07.2021--ന്** പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് **07.07.2021 മുതൽ 09.07.2021, 4.00 മണി** വരെയുള്ള തീയതികളിൽ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ ഒടുക്കി പ്രവേശനം നേടേണ്ടതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
29.06.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**